കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - നഗരഗ്രാമാസൂത്രണ വകുപ്പ് - ജീവനക്കാര്യം - ശ്രീമതി. സുമോൾ ജി., ഡെപ്യൂട്ടി ടൗൺ പ്ലാനർ - 22 വർഷത്തെ സേവനം പൂർത്തീകരിച്ചതിനുള്ള മൂന്നാം സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.-

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 1359/ 2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 30/03/2016

---

പരാമർശം : മുഖ്യനഗരാസൂത്രകന്റെ 27.03.2015-ലെയും, 10.12.2015 ലെയും കത്തുകൾ.

**<u>ഉത്തരവ്</u>**

നഗരാസൂത്രണ വകുപ്പിലെ ഡെപ്യൂട്ടി ടൗൺ പ്ലാനറായ ശ്രീമതി സുമോൾ ജി.യ്ക്ക് 22 വർഷത്തെ സർവീസ് പൂർത്തീകരിച്ചതിനുള്ള മൂന്നാം സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചു നൽകണമെന്ന് പരാമർശം 1 പ്രകാരം മുഖ്യനഗരാസൂത്രകൻ ആവശ്യപ്പെട്ടിരിക്കുന്നു. .

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി സുമോൾക്ക് ഡ്രഫ്റ്റ്സ്മാൻ ഗ്രേഡ് തസ്തികയിൽ 16 വർഷം പൂർത്തീകരിച്ച 25.08.2008 പ്രാബല്യത്തിൽ 11910-19350 തസ്തികയിൽ കെ.എസ്.ആർ ഭാഗം 1 ചട്ടം 28 എ പ്രകാരമുള്ള ശമ്പള നിർണ്ണയാനുകൂല്യത്തോടെ 2-ാം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചതിനാൽ 01.12.2012-ൽ ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലേക്ക് റഗുലർ പ്രൊമോഷൻ ലഭിച്ചപ്പോൾ വീണ്ടും 28 എ ഫിക്സേഷൻ അനുവദിച്ച് നൽകിയത് ക്രമപ്രകാരമല്ല. ആയതിനാൽ ടി ശമ്പള നിർണ്ണയം 26.02.2011-ലെ ജി.ഒ (പി) നം. 85/2011/ഫിൻ സർക്കാർ ഉത്തരവിന്റെ അനക്സർ III ഖണ്ഡിക 8-ൽ ഉത്തരവായിട്ടുള്ള പോലെ കെ.എസ്.ആർ ഭാഗം I ചട്ടം 30 പ്രകാരം പുന: ക്രമീകരിക്കേണ്ടതാണ്. ടിയാൾ പ്രവേശന തസ്തികയിൽ 22 വർഷ യോഗ്യതാ സേവനം പൂർത്തീകരിക്കുന്ന 24.08.2014-ന്റെ തൊട്ടടുത്ത് തീയതിയായ 25.08.2014 പ്രാബല്യത്തിൽ 26.02.2011-ലെ ജി.ഒ(പി) നം. 85/11/ധന സർക്കാർ ഉത്തരവിന്റെ അനക്സർ III ലെ ഖണ്ഡിക 9 പട്ടിക II പ്രകാരമുള്ള 24040-38840 ശമ്പള സ്കെയിൽ കെ.എസ്.ആർ ഭാഗം ചട്ടം 1 28 എ

പ്രകാരമുള്ള ശമ്പളനിർണ്ണയാനുകൂല്യത്തോടെ മൂന്നാം സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കാവുന്നതാണ്.

3. മേൽ ഖണ്ഡികയിൽ നിഷ്കർഷിച്ച നിബന്ധനകൾ പാലിക്കണമെന്ന വ്യവസ്ഥയോടെ, ശ്രീമതി. സുമോൾ ജി., ഡെപ്യൂട്ടി ടൗൺ പ്ലാനർക്ക് മൂന്നാം സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**വി.ബിനുകുമാർ**
അണ്ടർ സെക്രട്ടറി

പകർപ്പ്

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം. ( ശ്രീമതി. സുമോൾ ജി യുടെ സേവന പുസ്തകവും (2 വാല്യങ്ങൾ), ഓപ്ഷനും സഹിതം )
ശ്രീമതി. സുമോൾ ജി., ഡെപ്യൂട്ടി ടൗൺ പ്ലാനർ(മുഖ്യ നഗരാസൂത്രകൻ മുഖേന)
അക്കൗണ്ടന്റ് ജനറൽ (എ&ഇ) ആഡിറ്റ്, കേരള, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ